**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1123** **10-08-2023 - ൽ മറുപടിയ്ക്ക്**

**കുഴൽ കിണറിൽ നിന്നുള്ള ജലവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ കുഴൽ കിണറിൽ നിന്നും മിനി ജലവിതരണം നടത്തുന്നതിന് അനുമതി നൽകുന്നതു സംബന്ധിച്ച് ബഹു. ജലസേചന വകുപ്പ മന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) | നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഭൂജലവകുപ്പ് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | 2021-22 സാമ്പത്തിക വർഷം 6,81,233/ രൂപയുടെ ഭരണാനുമതി നൽകുകയും 3,94,181/ രൂപ ചെലവഴിച്ചുകൊണ്ട് പ്രസ്തുത കുഴൽകിണർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ട് നാളിതുവരെയായി പദ്ധതി പൂർത്തായാക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ; | (ബി) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി മുഖേന കുടിവെള്ള വിതരണത്തിന് ഫണ്ട് ലഭ്യമായതിനാലും വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ലഭ്യമായ തുക കുറവായതിനാലും ജലജീവൻ മിഷൻ പദ്ധതി മുഖേന പ്രസ്തുത സ്ഥലത്ത് ഭൂജലവകുപ്പ് മുഖേന കുഴിച്ച കുഴൽകിണർ ജലവിതരണം സാദ്ധ്യമാക്കുന്നതിന് പരിഗണന നൽകിയിരുന്നു. എന്നാൽ നാളിതു വരെ പദ്ധതി നടപ്പിലാക്കാത്ത സാഹചര്യത്തിൽ ഭൂജലവകുപ്പ് അടിയന്തര പ്രാധാന്യത്തോടെ പ്രസ്തുത വിഷയം പരിഗണിക്കാവുന്നതാണ്. |
| (സി) | ഇക്കാര്യം പരിശോധിച്ച് പ്രസ്തുത പദ്ധതിയിലൂടെ ജല വിതരണം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പദ്ധതിയിലൂടെ ജല വിതരണം നടത്തുന്ന വിഷയം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ